LIBRARY ARCHIVES Kerala Legislative Assembly

(ii) 2008-ലെ കേരള ന്യൂനപക്ഷ കമ്മീഷൻ ബിൽ

(തുടർ ചർച്ച)

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, എല്ലാ സംസ്ഥാനങ്ങളിലും ന്യൂനപക്ഷ കമ്മീഷൻ രൂപീകരിക്കണമെന്ന് ദേശീയ ന്യൂനപക്ഷ കമ്മീഷൻ ശുപാർശ ചെയ്യുന്നുണ്ട്. തീർച്ചയായും നമ്മുടെ സംസ്ഥാനത്ത് ഇത് രൂപീകരിക്കേണ്ടതാണ്. വെസ്റ്റ് ബംഗാൾ അടക്കമുള്ള പതിനഞ്ച് സംസ്ഥാനങ്ങൾ കമ്മീഷൻ രൂപീകരിച്ചു. ഇത് കേരളത്തെ സംബന്ധിച്ചിടത്തോളം അനിവാര്യമായ ഒരു കാര്യമാണ്. നമ്മൾ മാത്രം ഇതിനോട് വിമുഖത കാട്ടുന്നതെന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഇവിടെ ചിലപ്പോൾ മറുപടി പറയാൻ പോകുന്നത് ന്യൂനപക്ഷ വകുപ്പ് രൂപീകരിച്ചിരിക്കുന്നു എന്നായിരിക്കും. ന്യൂനപക്ഷ സെൽ മാത്രമേ ഇവിടെ രൂപീകരിച്ചിട്ടുള്ളൂ. ന്യൂനപക്ഷ സെൽ ന്യൂനപക്ഷ വകുപ്പാക്കി മാറ്റുമെന്നാണ് ഗവൺമെന്റ് പറഞ്ഞത്. ന്യൂനപക്ഷ വകുപ്പുതന്നെ ആയാൽപ്പോലും ന്യൂനപക്ഷ കമ്മീഷനും വകുപ്പും തമ്മിൽ വ്യത്യാസമുണ്ട്. ന്യൂനപക്ഷ വകുപ്പിന് സിവിൽ കോടതിയുടെ അധികാരങ്ങളില്ല. ന്യൂനപക്ഷങ്ങൾക്കെതിരെയുള്ള അതിക്രമങ്ങളെക്കുറിച്ച് പ്രതികരിക്കാനും നടപടിയുണ്ടാക്കാനുമൊക്കെ സിവിൽ കോടതിയുടെ അധികാരമുള്ള ന്യൂനപക്ഷ കമ്മീഷനാണ് രൂപീകരിക്കേണ്ടത്. അതിനുപകരം ന്യൂനപക്ഷ വകുപ്പുമതി എന്നുപറഞ്ഞതുകൊണ്ട് കാര്യമില്ല. ന്യൂനപക്ഷ ക്ഷേമപദ്ധതികൾ ശരിയായി നടപ്പിലാക്കുന്നുണ്ടോയെന്ന് മോണിട്ടർ ചെയ്യാനും ന്യൂനപക്ഷ കമ്മീഷൻ ആവശ്യമാണ്. ഇവിടെ ഒരുപാട് ന്യൂനപക്ഷ ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. സച്ചാർ കമ്മിറ്റിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഒരുപാട് പദ്ധതികൾ നടപ്പാക്കാൻ കേന്ദ്രംതന്നെ നിർദ്ദേശിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ പാലോളി കമ്മിറ്റിയുണ്ടാക്കി. പക്ഷേ ഒരു പദ്ധതിയും നടപ്പിലാക്കുന്നില്ല. ഞാൻ ഇതുസംബന്ധിച്ച് ഒരു സബ്മിഷൻ അവതരിപ്പിച്ചപ്പോൾ പറഞ്ഞത് ഓഫീസർമാരെ നിയമിച്ചു, ബാക്കിയുള്ള കാര്യങ്ങളെക്കുറിച്ച് ആലോചിച്ച് നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് ഗൗരവമായി ആലോചിക്കുന്നു എന്നൊക്കെയാണ്. തീർച്ചയായും അത്തരത്തിലുള്ള അലംഭാവം കാണിക്കുന്നത് ഒരുപക്ഷേ ഗവൺമെന്റ് ആയിരിക്കുകയില്ല, ഉദ്യോഗസ്ഥൻമാരാകാം. പക്ഷേ ഞങ്ങൾക്ക് തോന്നുന്നത് ഗവൺമെന്റിനും അത്തരത്തിലുള്ള ഒരു അലംഭാവം ഉണ്ടെന്നാണ്. ഒരു ന്യൂനപക്ഷ കമ്മീഷൻ രൂപീകരിച്ചാൽ തീർച്ചയായും ഇത്തരം നടപടികളെ മോണിട്ടർ ചെയ്യാനും നടപടികൾ നടപ്പാക്കുന്നില്ലെങ്കിൽ അത് ത്വരിതപ്പെടുത്താനുമുള്ള നിർദ്ദേശങ്ങൾ നൽകാനും കമ്മീഷന് കഴിയും. സച്ചാർ കമ്മിറ്റിയുടെ എത്ര നിർദ്ദേശങ്ങളാണ് ഇവിടെ വന്നത്? പത്ത് ഉറുദു ഐടിഐ. കൾ സ്ഥാപിക്കാനുള്ള സച്ചാർ കമ്മിറ്റിയുടെ നിർദ്ദേശമുണ്ടായിരുന്നു. ഗവൺമെന്റ് അതിന് നടപടി സ്വീകരിച്ചില്ല. പതിനഞ്ചിന പരിപാടിയിൽതന്നെ ഒട്ടേറെ സ്കോളർഷിപ്പുകൾ ഇവിടെ നടപ്പാക്കുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ഇരിക്കുന്നുണ്ട്. പ്രീ-മെട്രിക് സ്കോളർഷിപ്പ് ആദ്യത്തെ വർഷംതന്നെ ശരിയായ വിധത്തിൽ നടപ്പാക്കാൻ കഴിയുന്നില്ല. നമുക്ക് മറ്റ് സ്ഥലങ്ങളിൽ കിട്ടുന്നതുപോലുള്ള സംഖ്യയും ഇതിൽ കിട്ടുന്നില്ല. അതുകൊണ്ട് ഇത്തരം കാര്യങ്ങൾ മോണിട്ടർ ചെയ്യാനും ഇങ്ങനെയുള്ള ക്ഷേമപദ്ധതികൾ നടപ്പാക്കാനും ന്യൂനപക്ഷ കമ്മീഷൻ ആവശ്യമാണ്. ന്യൂനപക്ഷങ്ങളെ സംബന്ധിച്ചിടത്തോളമുണ്ടാകുന്ന

അക്രമങ്ങളെക്കുറിച്ചും അവഗണനയെക്കുറിച്ചുമൊക്കെ പരാതികൾ പറയാനും ന്യൂനപക്ഷ കമ്മീഷന്റെ രൂപീകരണം തീർച്ചയായും ഇവിടെ ഉണ്ടാകേണ്ടതാണ്. കേരളത്തിലെ ന്യൂനപക്ഷങ്ങൾ ഒരുപാട് അവഗണന അനുഭവിക്കുന്നു. ഇത് കഴിഞ്ഞ കുറേ കാലമായി ഇവിടെ കേട്ടുകൊണ്ടിരിക്കുന്ന ഒരു പരാതിയാണ്. ന്യൂനപക്ഷങ്ങൾ തിങ്ങിത്താമസിക്കുന്ന ജില്ലകളിൽ വിദ്യാഭ്യാസ രംഗത്ത് വളരെയധികം പിന്നോക്കാവസ്ഥയുണ്ട്. അവിടെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അപര്യാപ്തതയും അഭാവവും ന്യൂനപക്ഷ വിഭാഗങ്ങൾ, പ്രത്യേകിച്ച് തീര പ്രദേശങ്ങളിലേയും മലയോരപ്രദേശങ്ങളിലേയും ഒക്കെ ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ടവർക്ക് വളർന്ന് വരാനോ വിദ്യാഭ്യാസ രംഗത്ത് മുന്നോട്ടു വരാനോ ഉള്ള സാഹചര്യം സൃഷ്ടിക്കുന്നില്ല. അതുകൊണ്ടുതന്നെ കഴിഞ്ഞ ഒരു സബ്മിഷനിലും ഒരു പ്രമേയത്തിലുമൊക്കെ ഞങ്ങൾ ആവശ്യപ്പെട്ടതാണ്. മലബാർ ഏരിയയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൂടുതൽ സ്ഥാപിക്കേണ്ടതുണ്ട്. എന്ന കാര്യം മറ്റൊരു ബില്ലിന്റെ തുടർ ചർച്ചകൂടി ഉള്ളതുകൊണ്ട് ഈ ബില്ലിന്റെ ചർച്ച തുടരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : അങ്ങ് ചർച്ച അവസാനിപ്പിക്കുക.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, അവസാനിപ്പിക്കുന്നില്ല. ഇതിൽ ഒരുപാട് കാര്യങ്ങൾ പറയാനുണ്ട്. ഇനി 10 മിനിട്ടേ ഉള്ളൂ, മറ്റൊരു ബിൽ കൂടി അവതരിപ്പിക്കാനുണ്ട്. പക്ഷേ ഒന്നുരണ്ട് കാര്യങ്ങൾ പറഞ്ഞ് ഞാൻ ചർച്ച.....

മി. സ്പീക്കർ : അങ്ങ് ചർച്ച അവസാനിപ്പിക്കുക.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, ശ്രീ. എം. മുരളിക്ക് സമയം കൊടുക്കേണ്ടതുണ്ട്. രണ്ട് കാര്യങ്ങൾ കൂടി പറഞ്ഞോട്ടെ. ചർച്ച അവസാനിപ്പിക്കുകയല്ല. ഇത് വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്. ന്യൂനപക്ഷ കമ്മീഷൻ രൂപീകരിക്കുമെന്ന് ഗവൺമെന്റ് പറഞ്ഞാൽ ഞാൻ ഇപ്പോൾത്തന്നെ നിർത്താം.

മി. സ്പീക്കർ : ഈ കമ്മീഷനുകളുടെ എല്ലാം പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിന് വേറൊരു കമ്മീഷൻ.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, ഇത് ഭരണഘടനാപരമായൊരു കാര്യമാണ്. അങ്ങ് ഇതിനെ ചെറുതാക്കി കാണരുത്.

മി. സ്പീക്കർ : ഇതിനെ ചെറുതാക്കി കാണുന്നതല്ല.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, ഭരണഘടനാപരമായുള്ള അധികാരം (സ്റ്റാറ്റ്യൂട്ടറി സ്റ്റാറ്റസ്) ദേശീയ ന്യൂനപക്ഷ കമ്മീഷന് കൊടുത്തുകൊണ്ടുള്ള ഭരണഘടനാ ഭേദഗതി അടുത്താണ് ഉണ്ടായത്. നിർബന്ധമായും നമ്മൾ ഇത് രൂപീകരിക്കേണ്ടതാണ്. ന്യൂനപക്ഷ മേഖലയിലെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും അതുപോലെ ന്യൂനപക്ഷങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന അവശതകളും പ്രയാസങ്ങളും ലഘൂകരിക്കുന്നതിനുംവേണ്ട പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ ഈ കമ്മീഷൻ ആവശ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ രംഗത്തെ പിന്നോക്കാവസ്ഥ മാറ്റാൻ ഒട്ടേറെ പദ്ധതികളെക്കുറിച്ച് സച്ചാർ കമ്മിറ്റിയിലും പാലോളി കമ്മിറ്റിയിലു മൊക്കെ നിർദ്ദേശങ്ങളുണ്ട്. അതൊന്നും നടപ്പാക്കാനുള്ള ശ്രമങ്ങൾ ഗവൺമെന്റിന്റെ പക്ഷത്തുനിന്ന് ഉണ്ടാകുന്നില്ല. ഇതിനൊക്കെ ഒന്നുകൂടി നടപടികൾ ശരിയായ വിധത്തിൽ നടപ്പാക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ സെൻട്രൽ ഗവൺമെന്റ് നിർദ്ദേശിച്ച പോലെ, ദേശീയ ന്യൂനപക്ഷ കമ്മീഷൻ ശുപാർശ ചെയ്തതുപോലെ ഒരു കമ്മീഷൻ രൂപീകരിക്കാൻ സംസ്ഥാന സർക്കാർ തയ്യാറാകണമെന്ന ആവശ്യമാണ് എനിക്ക് ഉന്നയിക്കാനുള്ളത്. അടുത്ത ചർച്ചയിൽ ബാക്കിയുള്ള കാര്യങ്ങൾ പറയാം. ചർച്ച തുടരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : സമയം ഉണ്ട്, കുറച്ചുകൂടി സംസാരിക്കാം.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, അല്ല, ശ്രീ. മുരളിയുടെ....

മി. സ്പീക്കർ: അങ്ങ് ചർച്ച അവസാനിപ്പിക്കുകയാണെങ്കിൽ ശ്രീ. മുരളിയുടെ....

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, ഇല്ല. ചർച്ച അവസാനിപ്പിക്കുന്നില്ല. ശ്രീ. മുരളിയുടെ ബിൽ കൂടി ഉണ്ടല്ലോ.

മി. സ്പീക്കർ : അങ്ങ് കുറച്ചുകൂടി സംസാരിക്കൂ.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, ഞാൻ അവസാനിപ്പിക്കുന്നില്ല. കുറച്ചുകൂടി സംസാരിക്കാം. ഇവിടെ എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത് മലബാറിലെ പിന്നോക്കാവസ്ഥ തന്നെയാണ്. ഞാൻ നേരത്തെ പറഞ്ഞതു പോലെ ന്യൂനപക്ഷ കമ്മീഷൻ രൂപീകരിക്കുമെന്ന് ഒരു വാക്ക് അവിടെനിന്നു പറഞ്ഞാൽ ഞാൻ ഇത് നിർത്താം. ഇത് അവസാനിപ്പിക്കുകയും ചെയ്യാം. അല്ലാതെ ചർച്ച അവസാനിപ്പിക്കുന്നില്ല. എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്, നമ്മൾ പ്രസംഗങ്ങൾ മാത്രം നടത്തിയതുകൊണ്ട് കാര്യമില്ല, പ്രഖ്യാപനങ്ങൾ മാത്രം നടത്തിയതുകൊണ്ട് കാര്യമില്ല. നമുക്ക് ചില പ്രവർത്തനങ്ങളുണ്ടാകണം. പിന്നോക്കം നിൽക്കുന്ന, അവശതയനുഭവിക്കുന്ന പാവപ്പെട്ട ഒരുപാട് ആളുകളുണ്ട്. അവരൊക്കെ വിദ്യാഭ്യാസ രംഗത്ത് മുന്നോട്ടുപോകാൻ കഴിയാതെ വിഷമിക്കുകയാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ തീരപ്രദേശത്തെ മത്സ്യത്തൊഴിലാളി മേഖലകളിൽ, മലയോരപ്രദേശങ്ങളിൽ ഒക്കെ സ്കൂളുകൾ സ്ഥാപിക്കണം.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : സർ, അങ്ങ് ന്യൂനപക്ഷങ്ങളുടെ പിന്നോക്കാവസ്ഥയെക്കുറിച്ചും അതിൽനിന്ന് മോചനം നേടാൻവേണ്ടി ഉണ്ടാകേണ്ട നിയമത്തെക്കുറിച്ചുമൊക്കെയാണല്ലോ വളരെ നല്ല രൂപത്തിൽ സംസാരിക്കുന്നത്. ഏറ്റവും അവസാനം അങ്ങുപറഞ്ഞു മലബാറിലെ ന്യൂനപക്ഷം, പ്രത്യേകിച്ച് മുസ്ലീങ്ങൾ ഏറ്റവുമധികം പിന്നോക്കാവസ്ഥയിലാണ്. അതിനുള്ള പ്രധാനപ്പെട്ട കാരണം വിദ്യാഭ്യാസപരമായിട്ടുള്ള പിന്നോക്കാവസ്ഥയാണ് എന്ന്. ആ പിന്നോക്കാവസ്ഥയിലെത്താനുള്ള പ്രധാനപ്പെട്ട കാരണമെന്താണ് ? അതിനെക്കുറിച്ച് അങ്ങ് എപ്പോഴെങ്കിലും പരിശോധിച്ചിട്ടുണ്ടോ ? കേരളത്തിൽ അതിന് പരിഹാരം കാണാൻ തുടങ്ങിയത് എപ്പോഴാണ് എന്നുള്ള കാര്യവും പരിശോധിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, ഞങ്ങൾ ഇത് കുറേക്കാലമായി പറഞ്ഞുകൊണ്ടിരിക്കുകയാണ്. മുസ്ലീങ്ങൾ, പ്രത്യേകിച്ച് മലബാറിലെ മുസ്ലീങ്ങൾ വിദ്യാഭ്യാസപരമായി പിന്നോക്കമായത് രാജ്യസ്നേഹത്തിന്റെ ആധിക്യം കൊണ്ടാണ്, അതിന്റെ പാരമ്യതയിലെത്തിയതുകൊണ്ടാണ്. ബ്രിട്ടീഷുകാരന്റെ വിദ്യാഭ്യാസം വേണ്ട, നമ്മുടെ മഹാത്മജി സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി വിദേശ സാധനങ്ങൾ ബഹിഷ്ക്കരിക്കുക, വിദേശ വസ്തുക്കൾ ബഹിഷ്ക്കരിക്കുകയെന്നു പറഞ്ഞപ്പോൾ ബ്രിട്ടീഷുകാരന്റെ വിദ്യാഭ്യാസവും ബഹിഷ്ക്കരിച്ചു. ഞങ്ങളുടെ മുൻതലമുറയുടെ ചിന്ത എന്തായിരുന്നുവെന്ന് പറഞ്ഞാൽ ബ്രിട്ടീഷുകാരനുമായി ബന്ധമുള്ള ഒന്നുമായി ബന്ധം വേണ്ട. അതുകൊണ്ടാണ് വിദ്യാഭ്യാസരംഗത്ത് ഞങ്ങൾ പിന്നോക്കം നിൽക്കുന്നത്. ഇത് ചരിത്രപരമായ കാരണങ്ങളാലാണ്. ഒരു ബില്ലുകൂടി അവതരിപ്പിക്കാനുള്ളതുകൊണ്ട് ഞാൻ എന്റെ സംസാരം അവസാനിപ്പിച്ച് ചർച്ച തുടരാനുള്ള സൗകര്യം തരണമെന്ന് അപേക്ഷിക്കുകയാണ്.

മി. സ്പീക്കർ : യെസ്....അങ്ങേയ്ക്ക് ചർച്ച തുടരാവുന്നതാണ്.

(iii) 2007-ലെ കേരള ഉൾനാടൻ ജല-ജലവിഭവ സംരക്ഷണ ബിൽ

(തുടർ ചർച്ച)

ശ്രീ. എം. മുരളി : സർ, ഇത് ഉൾനാടൻ ജല-ജലവിഭവ സംരക്ഷണ ബില്ലിന്റെ തുടർ ചർച്ചയാണ്. നേരത്തെ അവതരിപ്പിച്ച് ഒരു ചർച്ച നടന്നതാണ്. ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ ഇവിടെയില്ല. ജലവിഭവ വകുപ്പുമന്ത്രി ഇല്ലെങ്കിൽപ്പോലും....

മി. സ്പീക്കർ: ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രി ഇവിടെയുണ്ട്.

ശ്രീ. എം. മുരളി : സർ, നേരത്തെ പറഞ്ഞപ്പോൾ അന്ന് ജലവിഭവ വകുപ്പു മന്ത്രിയുമുണ്ടായിരുന്നു. അന്ന് അദ്ദേഹം പറഞ്ഞത് ഇത്തരമൊരു നിയമ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നു എന്നാണ്. ഒരു ബിൽ സർക്കുലേറ്റ് ചെയ്തിട്ടുമുണ്ട്. പക്ഷേ അത് നമ്മുടെ സഭയുടെ മുന്നിൽ വന്നിട്ടില്ല. എന്റെ ഈ സ്വകാര്യ ബിൽ വന്നതിനുശേഷം അന്നുപറഞ്ഞ വാക്കുപാലിച്ചുകൊണ്ട് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഒരു ബിൽ സർക്കുലേറ്റ് ചെയ്തിട്ടുണ്ട്. പക്ഷേ അത് നിയമസഭയിൽ വന്നിട്ടില്ല. തീരദേശം ഉൾപ്പെടെയുള്ള നമ്മുടെ ജലസമ്പത്ത് സംരക്ഷിക്കാൻ നിരവധി കേന്ദ്രനിയമങ്ങളും സംസ്ഥാന നിയമ ങ്ങളുമുണ്ട്. ഒരുപക്ഷേ ഹിമാചൽ പ്രദേശിനേക്കാൾ കൂടുതൽ പ്രകൃതിസുന്ദരമായ ഉൾനാടൻ ജലാശയങ്ങളും ജലസമ്പത്തും ജലവിഭവങ്ങളും ഉള്ള കേരളത്തിൽ അവയെ സംരക്ഷിക്കാൻ നമുക്കൊരു നിയമനിർമ്മാണമുണ്ടാകേണ്ടത് അത്യന്താപേക്ഷിതമാണ്. അങ്ങനെ നിയമപരമായ നിയന്ത്രണമേർപ്പെടുത്താനുള്ള ഒരു സംവിധാനവുമില്ലാത്തതുകൊണ്ട് നമുക്ക് നഷ്ടമായിക്കൊണ്ടിരിക്കുന്നത് പ്രകൃതിദത്തവും അതിവിപുലവും അതിവിശാലവും അതുല്യവുമായ നമ്മുടെ ഉൾനാടൻ ജലസമ്പത്താണ്. ജീവോത്പാദനത്തിൽ മികച്ചുനിൽക്കുന്ന നിസ്തുലമായ